പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 149

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)
# (2-ാം  നമ്പർ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 149

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)

# (2-ാം  നമ്പർ) ബിൽ

1492/2022.

# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റും 1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.―1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റും (1971-ലെ 33) 1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും (1975-ലെ 5) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റും (2011-ലെ 3) 2010-ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്റ്റും (2011-ലെ 4) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:―

1. ചുരുക്കപ്പേരും പ്രാരംഭവും.―(1) ഈ ആക്റ്റിന് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1971-ലെ 33-ാം ആക്റ്റിനുള്ള ഭേദഗതി.—1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിലെ (1971-ലെ 33),—

(എ) 25-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

"(1എഫ്) സർക്കാരിന്, ഉത്തരവുമൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 27-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

3. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17),—

(എ) 7-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവുമൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.” ;

(ബി) 10-ാം വകുപ്പിൽ (18)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(18) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ,അധികാരപ്പെടുത്തേണ്ടതാണ്.”.

4. <u>1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.</u>—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5),—

(എ) 7-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1<u>എ</u>) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1<u>ബി</u>) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1<u>സി</u>) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവുമൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്നപക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 10-ാം വകുപ്പിൽ (18)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(18) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ,

ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

5. 1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി.—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിലെ (1985-ലെ 12),—

(എ) 7-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവുമൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല." ;

(ബി) 10-ാം വകുപ്പിൽ (24)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(24) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

6. 1994-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിലെ (1994-ലെ 5),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല,

സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവുമൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ, ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 24-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (6) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

7. 1996-ലെ 22-ാം ആക്ടിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിലെ (1996-ലെ 22),—

(എ) 7-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ

പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണ ങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.”;

(ബി) 12-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

8. 2011-ലെ 3-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3),—

(എ) 9-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 12-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

9. 2011-ലെ 4-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (2011-ലെ 4),—

(എ) 7-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്.

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലമുള്ള ഒരു അറിയിപ്പ് നൽകിക്കൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളുടെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ് :

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 10-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.;

(ii) (6)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-വൈസ്-ചാൻസലറെ വൈസ്-ചാൻസലർ അയാളുടെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തേണ്ടതാണ്. പ്രോ-വൈസ്-ചാൻസലറുടെ അഭാവത്തിൽ, ചാൻസലർ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചാൻസലറുടെ അംഗീകാരത്തോടെ, അധികാരപ്പെടുത്തേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഇന്ത്യ ഗവൺമെന്റ്, 2007 ഏപ്രിൽ 27-ാം തീയതി ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി അദ്ധ്യക്ഷനായി കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്. ഒരു സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഭരണനിർവ്വഹണത്തിൽ ഗവർണ്ണറുടെ സ്ഥാനവും സർവ്വകലാശാലകളുടെ ചാൻസലർ എന്ന നിലയിൽ ഗവർണ്ണറുടെ

ചുമതലയും കമ്മീഷൻ പരിശോധിക്കവേ, ഭരണഘടനാപരമായ ചുമതലകൾ ന്യായമായും നിഷ്പക്ഷമായും നിർവ്വഹിക്കുവാൻ സാധ്യമാക്കുന്നതിനായി, ഭരണഘടന വിഭാവനം ചെയ്തിട്ടില്ലാത്തതും ഗവർണ്ണറുടെ പദവിയെ വിവാദങ്ങളിലേയ്ക്കോ പൊതു വിമർശനങ്ങളിലേയ്ക്കോ വിധേയമാക്കാവുന്നതുമായ സ്ഥാനങ്ങളും അധികാരങ്ങളും മുഖേന ഗവർണ്ണറെ ബുദ്ധിമുട്ടിക്കാൻ പാടുള്ളതല്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഗവർണ്ണർക്ക് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം സാധാരണരീതിയിലുള്ള ചുമതലകൾ നൽകരുതെന്നും കമ്മീഷൻ നിരീക്ഷിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണന്മാരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ശിപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രഗത്ഭരും പ്രശസ്തരും ആയ വിദ്യാഭ്യാസ വിചക്ഷണന്മാരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് എല്ലാ സർവ്വകലാശാല നിയമങ്ങളിലും സമാന വ്യവസ്ഥകൾ കൊണ്ടുവരുന്നതിനും കൂടി സർക്കാർ തീരുമാനിച്ചു. അതിനാൽ, പ്രസ്തുത ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്തെ സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**പിണറായി വിജയൻ.**

(ശരിത്തർജ്ജമ)

## 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1971-ലെ 33)

** ** ** **

25. ചാൻസലർ.—(1) കേരള ഗവർണ്ണർ, തന്റെ സ്ഥാനം ഹേതുവായി സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

27. വൈസ് ചാൻസലർ.—(1) ** **

** ** ** **

(11) വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒരു താൽക്കാലിക ഒഴിവോ സ്ഥിരമായ ഒഴിവോ ഉണ്ടാകുകയാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം നിയമിച്ച ഒരു വൈസ് ചാൻസലർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്നതുവരെ വൈസ് ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്.

** ** ** **

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1974-ലെ 17)

** ** ** **

7. ചാൻസലർ.—(1) കേരളഗവർണ്ണർ, അദ്ദേഹത്തിന്റെ ഉദ്യോഗം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

10. വൈസ് ചാൻസലർ.—(1) ** **

** ** ** **

(18) വൈസ് ചാൻസലറുടെ സ്ഥാനത്തിനു താൽക്കാലികമായി ഒരു ഒഴിവുണ്ടാകുകയോ, അഥവാ വൈസ് ചാൻസലർ താൽക്കാലികമായി ഹാജരില്ലാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, ചാൻസലർ, വൈസ്ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

** ** ** **

# 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1975-ലെ 5)

** ** ** **

7. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഉദ്യോഗം ഹേതുവായി സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

10. വൈസ്ചാൻസലർ.—(1) ** **

** ** ** **

(18) വൈസ്ചാൻസലറുടെ സ്ഥാനത്തിന് താൽക്കാലികമായി ഒരു ഒഴിവുണ്ടാവുകയോ, അഥവാ വൈസ് ചാൻസലർ താൽക്കാലികമായി ഹാജരില്ലാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ ചാൻസലർ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

** ** ** **

# 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
# (1985-ലെ 12)

** ** ** **

7. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഉദ്യോഗം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

10. വൈസ് ചാൻസലർ.—(1) ** **

** ** ** **

(24) വൈസ് ചാൻസലറുടെ സ്ഥാനത്തിൽ താൽക്കാലികമായി ഒഴിവുണ്ടാകുമ്പോഴോ അല്ലെങ്കിൽ വൈസ് ചാൻസലർ താൽക്കാലികമായി സന്നിഹിതനാകാതിരിക്കുന്നിടത്തോ പ്രോ-വൈസ് ചാൻസലർ വൈസ് ചാൻസലറുടെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. വൈസ് ചാൻസലറുടേയോ പ്രോ-വൈസ്-ചാൻസലറുടേയോ സ്ഥാനങ്ങളിലുണ്ടാകുന്ന താൽക്കാലിക ഒഴിവുകളുടെ സംഗതിയിൽ അല്ലെങ്കിൽ വൈസ്-ചാൻസലറോ പ്രോ-വൈസ്-ചാൻസലറോ താൽക്കാലികമായി സന്നിഹിതരല്ലാതെ വരുമ്പോൾ സർവ്വകലാശാലയിലെ ഏറ്റവും സീനിയറായ പ്രൊഫസർ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

** ** ** **

# 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1994-ലെ 5)

** ** ** **

8. <u>ചാൻസലർ</u>.—(1) കേരള ഗവർണ്ണർ, തന്റെ ഉദ്യോഗം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

24. <u>വൈസ് ചാൻസലർ</u>.—(1) ** **

** ** ** **

(6) വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിൽ താൽക്കാലിക ഒഴിവ് വരികയോ വൈസ്-ചാൻസലർ താൽക്കാലികമായി അസന്നിഹിതനായിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ, പ്രോ-വൈസ്-ചാൻസലർ, അതതുസംഗതിപോലെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുകയോ വൈസ്-ചാൻസലറുടെ പതിവ് ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണ്.

** ** ** **

# 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1996-ലെ 22)

** ** ** **

7. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിന്റെ ബലത്തിൽ, സർവ്വകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

** ** ** **

12. വൈസ്-ചാൻസലറുടെ ഉദ്യോഗത്തിലെ ഒഴിവ്.—(1) വൈസ്-ചാൻസലറുടെ ഉദ്യോഗത്തിൽ ഒരു താൽക്കാലിക ഒഴിവുണ്ടാകുമ്പോഴോ അല്ലെങ്കിൽ വൈസ്-ചാൻസലർ സന്നിഹിതനാകാതിരിക്കുന്നിടത്തോ, പ്രോ-വൈസ്-ചാൻസലർ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

** ** ** **

# 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (2011-ലെ 3)

** ** ** **

9. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

** ** ** **

12. വൈസ്-ചാൻസലർ.—(1) ** **

** ** ** **

(10) വൈസ് ചാൻസലറുടെ തസ്തികയിൽ ഏതെങ്കിലും താൽക്കാലിക ഒഴിവുണ്ടാകുമ്പോഴോ, വൈസ് ചാൻസലർ അസുഖം കാരണം സന്നിഹിതനല്ലാതിരിക്കുന്നെങ്കിലോ മറ്റേതെങ്കിലും കാരണത്താൽ തന്റെ ഔദ്യോഗിക അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും കഴിയാതിരിക്കുന്നെങ്കിലോ ചാൻസലർ, വൈസ് ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കേണ്ടതാണ്.

** ** ** **

# 2010-ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
# (2011-ലെ 4)

** ** ** **

7. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലറും തലവനുമായിരിക്കുന്നതാണ്.

** ** ** **

10. വൈസ് ചാൻസലറുടെ നിയമനം.—(1) ** **

** ** ** **

(6) ഇനി പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ, അതിന്റെ അവസ്ഥ ചാൻസലർ സ്വയം തീരുമാനിക്കേണ്ടതും, അനുയോജ്യനായ ഏതെങ്കിലും ആളെ മൊത്തം ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് വൈസ്-ചാൻസലറായി പ്രവർത്തിക്കാൻ ചാൻസലർക്ക്, നിയമിക്കാവുന്നതുമാണ്:

(i) (1)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച കമ്മിറ്റിക്ക്, ചാൻസലർ വിനിർദ്ദേശിച്ച സമയപരിധിക്കകം, ഏതെങ്കിലും പേര് ശുപാർശ ചെയ്യുവാൻ കഴിയാതെ വരുന്നിടത്ത് ;

(ii) മരണമോ രാജിയോമൂലമോ മറ്റുവിധത്തിലോ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒഴിവുണ്ടാകുകയും, കൂടാതെ മുകളിലെ (1) മുതൽ (4) വരെ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ അനുസരിച്ച് സൗകര്യപ്രദമായും വേഗത്തിലും അത് നികത്താൻ കഴിയാതെ വരുന്നിടത്ത് ;

(iii) അവധിയോ അസുഖമോമൂലമോ മറ്റു കാരണങ്ങളാലോ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് താൽക്കാലികമായി ഒഴിവുണ്ടാകുന്നിടത്ത് ;

(iv) വൈസ്-ചാൻസലറുടെ കാലാവധി അവസാനിക്കുന്നിടത്ത്; അല്ലെങ്കിൽ

(v) മറ്റേതെങ്കിലും അടിയന്തിരഘട്ടം ഉണ്ടാകുന്നിടത്ത്.

അപ്രകാരം നിയമിക്കപ്പെട്ട ആൾ, വൈസ്-ചാൻസലർ തിരികെ ഔദ്യോഗിക സ്ഥാനത്ത് പ്രവേശിക്കുന്ന തീയതിയിലോ (1) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കനുസൃതമായി വൈസ്-ചാൻസലറായി യഥാവിധി നിയമിക്കപ്പെട്ട ആൾ ഔദ്യോഗിക സ്ഥാനത്ത് പ്രവേശിക്കുന്ന തീയതിയിലോ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

** ** ** **